# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 63 — 10/06/2013 ൽ മറുപടിക്ക്

### പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് നിലവിൽ, ഏതെല്ലാം തസ്തികകളിൽ റാങ്ക്ലിസ്റ്റുകൾ നിലനിൽക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) സംസ്ഥാനത്ത് പല വകുപ്പുകളിലും ലഭ്യമായ ഒഴിവുകൾ യഥാസമയം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) 2013 കലണ്ടർ വർഷത്തിൽ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് വകുപ്പ് തിരിച്ച്, തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (സി) യും (ഡി)യും (ഇ) യും<br>വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) നിലവിൽ എത്ര ഒഴിവുകൾ ഓപ്പൺ വേക്കൻസിയായി ലഭ്യമായിട്ടുണ്ട് എന്നും അത് ഏതെല്ലാം വകുപ്പിൽ ഏതെല്ലാം തസ്തികയിൽ എന്നതും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | |
| (ഇ) ലഭ്യമായിട്ടുള്ള പ്രസ്തുത ഒഴിവുകളിൽ നിയമന നടപടികൾ സ്വീകരിക്കാവുന്ന തരത്തിൽ ഏതെല്ലാം കാറ്റഗറി റാങ്ക്ലിസ്റ്റുകൾ നിലവിൽ ലഭ്യമാണ് എന്നത് വ്യക്തമാക്കാമോ; | |
| (എഫ്) ലഭ്യമായിട്ടുള്ള പ്രസ്തുത റാങ്ക്ലിസ്റ്റുകളിൽ നിന്ന് സമയബന്ധിതമായി നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കും എന്നത് വ്യക്തമാക്കാമോ; | (എഫ്) ലഭ്യമായ ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 മെയ് മുതൽ മാർച്ച് 2013 വരെ എത്രപേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; | (ജി)യും (എച്ച്)ഉം<br>വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (എച്ച്) 2006 മെയ് മുതൽ 2011 ഏപ്രിൽ വരെയുള്ള കാലയളവിൽ ഓരോ വർഷവും പി.എസ്.സി. വഴി എത്രപേർക്ക് ജോലി ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ച് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ